# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4619

04.02.2014-ൽ മറുപടിയ്ക്ക്

### കോതമംഗലം നിയോജക മണ്ഡലത്തിലെ തങ്കളം - കോഴിപ്പള്ളി ബൈപ്പാസ് നിർമ്മാണം

| ചോദ്യം<br>**ശ്രീ. റ്റി.യു. കുരുവിള** | ഉത്തരം<br>**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) **കോതമംഗലം നിയോജക മണ്ഡലത്തിലെ തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;** | (എ) ഉണ്ട്. ഈ ബൈപ്പാസിന്റെ നിർമ്മാണത്തിന് 4.2519 ഹെക്ടർ സ്ഥലം ആവശ്യമാണ്. ഇതിൽ 3.2552 ഹെക്ടർ സ്ഥലം പൊതുമരാമത്ത് വകുപ്പിന് 2009ൽ കൈമാറിയിട്ടുണ്ട്. ബാക്കി 0.2366 ഹെക്ടർ സ്ഥലം ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്. അഡീഷണൽ റിക്വിസിഷൻ പ്രകാരമുള്ള പൊന്നുംവില നടപടികൾ അന്തിമഘട്ടത്തിലാണ്. പൊതുമരാമത്ത് വകുപ്പിന് കൈമാറിയ ഭൂമിയിൽത്തന്നെ സർവ്വേ നമ്പരിലുള്ള പിശക് മൂലം കേസ് നിലവിൽ വന്നതിനാൽ പണി പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയാണുണ്ടായത്. |
| (ബി) സർവ്വേ നമ്പറിൽ വന്ന പിശകുമൂലം നാലു വർഷമായി പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുന്നത് പുനരാരംഭിക്കുവാൻ എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) പരാമർശിക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാര തുക കോടതിയിൽ കെട്ടിവെച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ നമ്പരിൽ വന്ന പിശക് പരിഹരിക്കപ്പെട്ടാൽ പ്രസ്തുത തുക ഉടമസ്ഥന് കൈമാറാവുന്നതാണ്. ഇതു സംബന്ധിച്ച എൽ.എ.ആർ കേസും തീർപ്പാക്കേണ്ടതുണ്ട്. ഈ വിഷയം റവന്യൂ വകുപ്പാണ് പരിഹരിക്കേണ്ടത്.<br><br>ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു പരിഹരിച്ചു കഴിഞ്ഞ്, ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിക്കഴിഞ്ഞാൽ ബാക്കി പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ